**പതിനഞ്ചാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2180** **16-03-2022-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജുകളിൽ അതിനൂതന ചികിത്സാ സൗകര്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എം. മണി
ശ്രീ. എം. എം. മണി
ശ്രീ. ആന്റണി ജോൺ
ശ്രീ. വി. ജോയി
ശ്രീ. സുജിത് വിജയൻപിള്ള

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ആരോഗ്യമേഖലയെ മെച്ചപ്പെടുത്തുന്നതിനും അതിവിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും എയിംസ് അനുവദിക്കണമെന്നുള്ള ദീർഘകാല ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കേരളത്തിൽ AIMS(ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി കേരള ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും, കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമായ 40.6802 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ബഹു.പ്രധാനമന്ത്രിയുമായി 2021 ജൂലൈയിൽ നടത്തിയ കൂടിക്കാഴ്ചയിലും കേന്ദ്ര ആരോഗ്യമന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്ത് എയിംസ് അനുവദിക്കേണ്ടതിന്റെ ആവശ്യകത അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ മറുപടി ഇതേവരെ ലഭ്യമായിട്ടില്ല.

**(ബി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അതി നൂതന ചികിത്സാ സൗകര്യം ഒരുക്കുന്നതിനായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; കോട്ടയം മെഡിക്കൽ കോളേജിനെ തുടർന്ന് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കൂടി കരൾ മാറ്റിവയ്ക്കൽ ശാസ്ത്രക്രിയ സൗകര്യം ഏർപ്പെടുത്തുന്നുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അതിനൂതന ചികിത്സാ സൗകര്യം ഒരുക്കുന്നതിനായി നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

കൂടാതെ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**(സി)** മെഡിക്കൽ കോളേജുകളുടെ സേവനം മെച്ചപ്പെടുത്താൻ പ്രത്യേക ടീമിനെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ടീമിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ **സേവനം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത ടീം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ മന്ത്രിതലത്തിൽ അവലോകനം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.**

**(ഡി)** കിഫ്ബി ഫണ്ടുപയോഗിച്ച് ആരോഗ്യമേഖലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

**<u>മറുപടി:</u>** വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**